

ഉണരുക നീയെന്നാത്മാവേ
ചേരുകയേശുവിന്നരികിൽ നീ
തുണയവനല്ലാതാരുള്ളീ
ഏഴകൾ നമ്മെ പാലിപ്പാൻ

പുതിയൊരുനാൾ നമുക്കണഞ്ഞുവന്നു
എങ്ങനെ നാമിന്നു ജീവിക്കേണ്ടു
പാപത്തിൻ തിരകളാലലഞ്ഞിടാതെ
യേശുവേ നോക്കി നാം ജീവിക്കണം

പോയൊരു ദിവസമതുപോലെ
ഭൂവിലെ വാസവും നീങ്ങിപ്പോകും
നീയതു ധ്യാനിച്ചീശങ്കൽ
ആശ്രയം പുതുക്കണമീക്ഷണത്തിൽ

വീടുമില്ലാരുമില്ലൊന്നുമില്ലി
ലോകത്തിലെനിക്കെന്നോർക്കുക നീ
വിട്ടകലും നീ ഒരുനാളിൽ
ഉണ്ടെന്നു തോന്നുന്ന സകലത്തെയും



ആപത്തനർത്ഥങ്ങളുണ്ടിഹത്തിൽ
ഖേദത്തിൻ സമുദ്രമാണീയുലകം
പാപത്തെ വരുത്തിയൊരാദാമിൻ
ശാപത്തിൻ തിരകളിങ്ങലച്ചിടുന്നു

ക്ലേശം നമുക്കിങ്ങു വന്നിടേണ്ട
മേലിൽ നമുക്കൊരു ദേശമുണ്ടു
ഭക്തന്മാരതിലതി മോദമോടെ
നാൾകൾ കഴിപ്പതിന്നോർത്തുകൊള്ളാം

സ്നേഹിതർ നമുക്കുണ്ട് സ്വർഗത്തിൽ
ദൈവത്തിൻ ദൂതരും പരിശുദ്ധരും
സ്നേഹം കൊണ്ടേശുവേ വാഴ്ത്തിപ്പാടു-
ന്നവിടെ നമുക്കും പാടരുതോ

ക്രിസ്തന്റെ കാഹളദൂതും ധ്വനി
കേൾക്കുമോ ഈ ദിനമാരറിഞ്ഞു
വിശ്രമവാസത്തിലാകുമോ നാം
ഏതിന്നുമൊരുങ്ങുകെന്നാത്മാവേ